**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1390** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മംഗലം ഡാം ടൂറിസം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** മുൻവർഷം സംസ്ഥാനത്ത് എത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണ്; ഇതിലൂടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം കണക്കാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** 2025-ൽ കണക്കാക്കിയിട്ടുള്ള വിദേശ വിനോദ സന്ദർശനങ്ങളുടെ എണ്ണം 8,21,999 ആണ്. മേൽ കലണ്ടർവർഷത്തിൽ ഇത്തരത്തിൽ വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശനങ്ങൾവഴി അവർ ചെലവഴിച്ചതായി കണക്കാക്കിയിട്ടുള്ള ഏകദേശ തുക 7382.02 കോടി രൂപയാണ്.

**(ബി)** വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർധനവോ കുറവോ ഉണ്ടായിട്ടുണ്ടോ; കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**(സി)** മംഗലം ഡാം ടൂറിസം പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

**<u>മറുപടി:</u>** സ്ഥല ലഭ്യത, എൻ.ഒ.സി, ഫീസിബിലിറ്റി എന്നിവയ്ക്ക് അനുസൃതമായി വിശദമായ പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് പരി ശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**